(സി) ഇതിൽ പ്രത്യേക ചുമതല ഒന്നും നൽകിയിട്ടില്ലാത്ത എത്ര ഉദ്യോഗസ്ഥർ ഉണ്ട്;

(ഡി) ഇവർ ആരെല്ലാമാണ്; ഇവരുടെ മേൽപ്പറഞ്ഞ ചെലവുകൾ പ്രതിവർഷം എത്രയാണ് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-2004-ൽ ഐ. എ. എസ്. കേഡറിൽ 177-ഉം, ഐ. പി. എസിൽ 94-ഉം ഐ. എഫ്. എസിൽ 81-ഉം ഉദ്യോഗസ്ഥർ സംസ്ഥാനത്ത് ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രത്യേക ചുമതല നൽകിയിട്ടില്ലാത്ത ഉദ്യോഗസ്ഥർ ആരും തന്നെ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എം. എൽ എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്

24 [3399] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കുന്നതിനുള്ള പദ്ധതികളുടെ ഭരണാനുമതി ഉൾപ്പെടെയുള്ള നടത്തിപ്പ് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇവയുടെ നടത്തിപ്പ് ജില്ലാ പ്ലാനിംഗ് ഓഫീസുകൾ വഴി നടത്താൻ സർക്കാർ ഉത്തരവുണ്ടോ;

(സി) എങ്കിൽ ഈ ചുമതല നടപ്പാക്കാനുള്ള സംവിധാനം ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്ലാനിംഗ് ബോർഡിൽ ഒഴിഞ്ഞുകിടക്കുന്ന ടെക്നിക്/സയന്റിഫിക് പേഴ്സണൽ തസ്തികയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഈ തസ്തികയ്ക്ക് കേന്ദ്ര സഹായം ലഭിക്കുമോ;

(എഫ്) ജില്ലാ ഓഫീസുകൾ ശക്തിപ്പെടുത്താനായി ആസൂത്രണ ബോർഡിൽ നിന്നും ജീവനക്കാരെ പുനർവിന്യസിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിട്ടുള്ള സർക്കാർ ഉത്തരവുകളിൽ വിശദാംശങ്ങൾ കാണാവുന്നതാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 2001-02 വരെ തുടർച്ചാനുമതിയുണ്ടായിരുന്ന സയന്റിഫിക്/ടെക്നിക്കൽ പേഴ്സണൽ തസ്തികകൾക്ക് 2002-03-ൽ തുടർച്ചാനുമതി ലഭിക്കാതിരുന്നതിനാൽ നിയമനം നടത്തിയിരുന്നില്ല. എന്നാൽ അത്തരം ഒരു നിർദ്ദേശം നിലവിലുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

മുൻ മന്ത്രിസഭയുടെ കാലത്തെ അതിഥി സൽക്കാരച്ചെലവുകൾ

25 [3400] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മന്ത്രിസഭയുടെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിന് എന്തു തുക വീതം ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ മന്ത്രിസഭയുടെ കാലത്തെ ഈ ഇനത്തിലെ കുടിശ്ശിക ഈ സർക്കാർ നിലവിൽ വന്നശേഷം കൊടുത്തുതീർത്തിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മന്ത്രിക്കു വേണ്ടിയും എന്തു തുക വീതം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം (എ) യായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) അനുബന്ധം (ബി) യായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly